(3) വൈകി കിട്ടിയ ഉത്തരങ്ങൾ

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി

129 [184] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാന സർക്കാർ സമാഹരിച്ച സംഖ്യ എത്രയാണ്;

(ബി) ഈ സംഖ്യ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ 2001 മെയ് മാസത്തിനുമുമ്പ് ചെലവഴിച്ച തുക എത്ര; 2001 ജൂൺ മുതൽ ചെലവഴിച്ച സംഖ്യ എത്ര;

(സി) സംസ്ഥാന ഗവൺമെന്റ് ഈ സംഖ്യ ഇനി ഏതൊക്കെ ആവശ്യങ്ങൾക്ക് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സംഖ്യ എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത്; ഇതുവരെയായി പലിശയിനത്തിൽ ലഭിച്ച തുക എത്ര;

(ഇ) സംസ്ഥാന ഗവൺമെന്റിന്റെ മറ്റേതെങ്കിലും ആവശ്യത്തിന് ഇതിൽ നിന്ന് സംഖ്യ ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് 12,54,14,724 രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) 2001 മേയ് മാസത്തിനുമുമ്പ് 25 ലക്ഷം രൂപായും, 2001 ജൂൺ മുതൽ 3,14,24,808 രൂപായും ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഭുജിലെ ഗവൺമെന്റ് പോളിടെക്നിക്ക് 10 കോടി രൂപ ചെലവിൽ പുനർനിർമ്മിക്കുക എന്നാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാന സർക്കാർ സമാഹരിച്ച തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള ടി.പി.എ. 3994-ൽ ആണ് നിക്ഷേപിച്ചിട്ടുള്ളത്. ടി അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭ്യമല്ല.

(ഇ) ടി തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടില്ല. ബാക്കി തുക മുഴുവനും ഈ അക്കൗണ്ടിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly